ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.4172 /എ2 / II-എസ്റ്റാ/2021/എൻ.സി.സി

27 ആഗസ്റ്റ് 2021

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും/
എൻ.സി.സി ഓഫീസുകൾക്കും

സർ,

**വിഷയം : സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച് - 01.04.2013 ന് മുൻപ് നിലവിൽ വന്ന പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന ഉദ്യോഗാർത്ഥികളായിരുന്ന നിലവിലെ ഈ വകുപ്പിലെ ജീവനക്കാർ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

സൂചന : 1. ഉന്നത വിദ്യാഭ്യാസ (എ) വകുപ്പിന്റെ 05/02/2021 തീയതിയിലെ എ2/256/2020/ഉ.വി.വ നമ്പർ കത്ത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

2. എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരത്തിന്റെ 20.07.2021തീയതിയിലെ ഇ3/2634/ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്/എൻ.സി.സി നമ്പർ കത്ത്.

1. സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. 01.04.2013-ന് മുൻപുള്ള നോട്ടിഫിക്കേഷൻ പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം ലഭിച്ചവരെ കെ.എസ്.ആർ ഭാഗം-III പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ഈ കാര്യാലയത്തിൽ ലഭ്യമായ സാഹചര്യത്തിൽ ശ്രീ ഉദയകുമാർ കെ - യുടെ അപേക്ഷ ഉൾപ്പെടുത്തി 02.12.2020 തീയതിയിലെ 128/ബി3-എസ്റ്റാ/2020/എൻ.സി.സി നമ്പർ കത്തിൽ സർക്കാരിലേയ്ക്ക് സ്പഷ്ടീകരണം ആരാഞ്ഞ് കത്ത് നൽകിയിരുന്നു. ടി വിഷയമായി ബന്ധപ്പെട്ട് മേൽ സൂചന പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുള്ള പങ്കാളിത്ത പെൻഷൻ പുന: പരിശോധന സമിതിയുടെ പരിഗണന വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സമിതി സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2. മേൽ ഖണ്ഡിക പ്രകാരം നിലവിൽ ടി വിഷയവുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ ലഭ്യമായ അപേക്ഷകളിൽ സർക്കാർ തീരുമാനം വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ ടി വിഷയവുമായി ബന്ധപ്പെട്ട ഏതെങ്കിലും അപേക്ഷകൾ താങ്കളുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ടെങ്കിൽ സർക്കാർ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

(സിമി ജോസ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

പകർപ്പ് :-

എ2/എ2-III

കെ.എസ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

Break the Chain

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

നം.എ2/256/2020/ഉവിവ.

05/02/2021, തിരുവനന്തപുരം

ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി.

അഡീഷണൽ ഡയറക്ടർ ജനറൽ,
എൻ.സി.സി.,
തിരുവനന്തപുരം.

സർ,

വിഷയം:- ഉ.വി.വ. - സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് - ശ്രീ ഉദയ കുമാർ കെ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 2-12-2020 ലെ 128-ബി3-എസ്റ്റാ/2020/എൻ.സി.സി. നം കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 01.04.2013-ന് മുൻപുള്ള നോട്ടിഫിക്കേഷൻ പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം ലഭിച്ചവരെ കെ.എസ്.ആർ ഭാഗം-III പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായ സാഹചര്യത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പ്രസ്തുത വിഷയം, സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ.സതീഷ് ചന്ദ്രബാബു അദ്ധ്യക്ഷനായി 07.11.2018-ലെ സ.ഉ(പി) നം 172/2018/ധന പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുള്ള പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയുടെ പരിഗണനാവിഷയത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ കൃത്യമായി പരിശോധിച്ച് സമിതി സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ
RAJESHKUMAR.K.K
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.